**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 236** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മൂലം ജീവഹാനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Smt Veena George**<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത്കോവിഡ്-19 മഹാമാരിയെ തുടർന്ന് നാളിതുവരെ എത്ര പേർക്ക് ജീവഹാനി സംഭവിച്ചതെന്ന് അറിയിക്കുമോ; | (എ) | ജൂൺ 1 വരെയുള്ള കണക്കനുസരിച്ച് 9009 പേരാണ് കോവിഡ് മൂലം മരണമടഞ്ഞിട്ടുള്ളത്. |
| (ബി) | കോവിഡ് രണ്ടാം തരംഗത്തിൽ ചെറുപ്പക്കാർ കൂടുതലായി മരണപ്പെടുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ ആയതിന്റെ കാരണം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ; | (ബി) | കോവിഡ്-19 രണ്ടാം വ്യാപനം ചെറുപ്പക്കാരിലും മദ്ധ്യവയസ്കരിലുമാണ് കൂടുതൽ ബാധിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മരണ നിരക്ക് പ്രായാധിക്യം ഉള്ളവരിലും, പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തൈറോയ്ഡ് പ്രശ്നങ്ങൾ മുതലായ രോഗങ്ങൾ ഉള്ളവരിലും ആണ് കൂടുതലായി കണ്ടുവരുന്നത്. രണ്ടാം തരംഗത്തിൽ 2021 ഏപ്രിൽ, മെയ് മാസങ്ങളിൽ മാത്രം 13,89,695 കോവിഡ് രോഗബാധിതരും, 4020 കോവിഡ് മരണങ്ങളും കേരളത്തിൽ സ്ഥിരീകരിച്ചു. ലഭ്യമായ കണക്കുകൾ പ്രകാരം 21 മുതൽ 30 വയസ്സുവരെ ഉള്ളവരിലാണ് രോഗവ്യാപനം കൂടുതലായി കാണപ്പെട്ടത് (261232 പേർക്ക്). 31 വയസ്സു മുതൽ 40 വയസ്സുവരെയുള്ള (252935) ആളുകൾക്കും 41 മുതൽ 50 വയസ്സുവരെയുള്ള (233126) ആളുകൾക്കും രോഗവ്യാപനം താരതമ്യേന കൂടുതലാണ്. മരണ നിരക്ക് ഏറ്റവും കൂടുതലായി കാണപ്പെട്ടത് 81 മുതൽ 90 വയസ്സുവരെ പ്രായം ഉള്ളവരിലാണ് (കേസ്= 17105, മരണം= 502, മരണ നിരക്ക് =2.93%) 71 മുതൽ 80 വയസ്സുവരെ ഉള്ളവരിലും മരണ നിരക്ക് കൂടുതലായി കാണുന്നു. (കേസ് 50959, മരണം 988, മരണ നിരക്ക് - 1.94 %). കൂടാതെ 91 വയസ്സു മുതൽ 100 വയസ്സുവരെയുള്ളവരിൽ 2833 പേർക്ക് രോഗബാധയും, 44 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട് (മരണ നിരക്ക് - 1.55%). കോവിഡ് രോഗബാധ മൂലമാണ് മരണം എന്ന് സ്ഥിരീകരിക്കപ്പെട്ടവരിൽ 18% പേർക്ക് രണ്ടാം തരംഗത്തിൽ മറ്റു രോഗങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. രണ്ടാം തരംഗത്തിന്റെ തുടക്കത്തിൽ 0.3% ആയിരുന്ന |

| | | | |
|---|---|---|---|
| | | | മരണനിരക്ക് എങ്കിൽ, നിലവിൽ അത് 0.34% ആണ്. വ്യത്യസ്ത പ്രായവിഭാഗങ്ങളിലെ മരണം ആരോഗ്യവകുപ്പ് തുടർച്ചയായി നിരീക്ഷിച്ച് വരുന്നുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിൽ നിന്നും ചെറുപ്പക്കാരിലെ മരണ നിരക്ക് 2-ാം തരംഗത്തിൽ കൂടിയിട്ടില്ലെന്ന് കാണുന്നു. |
| (സി) | മൂന്നാം തരംഗം ഉണ്ടായാൽ കുട്ടികളെയാണ് മാരകമായി ബാധിക്കുക എന്ന പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നും വെളിപ്പെടുത്തുമോ; | (സി) | കുട്ടികളിൽ കോവിഡ് രോഗബാധ ഉണ്ടായാൽ അത് നിയന്ത്രിക്കുന്നതിനും ചികിത്സയ്ക്കുമായുള്ള പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ കുഞ്ഞുങ്ങളുടെ ചികിത്സ സംബന്ധിച്ചും റഫറൽ പ്രോട്ടോക്കോളിനെപ്പറ്റിയും നവജാത ശിശുക്കളുടെ ഐ.സി.യു മാനേജ്മെന്റിനെപ്പറ്റിയും പീഡിയാട്രിക് ഐ.സി.യു മാനേജ്മെന്റിനെപ്പറ്റിയും കോവിഡ് പോസിറ്റീവ് ആയ അമ്മമാർക്ക് ജനിക്കുന്ന കുഞ്ഞുങ്ങളുടെ ചികിത്സയെക്കുറിച്ചും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ടെസ്റ്റ് പോസിറ്റിവിറ്റി, ക്ലസ്റ്റർ രൂപപ്പെടുന്നതിന്റെ വ്യാപ്തി, അണുബാധയ്ക്കുള്ള കാരണം, അണുബാധ വളരെ കൂടുതൽ സംഭവിക്കുന്നത് ആർക്കാണ് എന്നിവ നിരീക്ഷിച്ചാണ് കോവിഡ് മഹാമാരിയുടെ വ്യാപനം പഠിക്കുന്നത്. അതിനാൽ പുതിയ കേസ്സുകൾ, കണ്ടെത്തുന്നതിനുള്ള പരിശോധന സംസ്ഥാനം തുടരും. അതോടൊപ്പം ചെറുപ്പക്കാരിലും കുട്ടികളിലും പുതിയ കേസുകൾ കണ്ടെത്തുന്നതിന് പരിശോധന നടത്തും. അണുബാധ നിലവിലുള്ള Virus Strain കാരണമാണോ അതോ പുതിയ മ്യൂട്ടന്റ് വൈറസ് കൊണ്ടാണോ എന്ന് വിലയിരുത്തുന്നതിന് ക്ലസ്റ്ററുകളിൽ നിന്നുള്ള സാമ്പിളുകൾ Genome സ്റ്റഡിയ്ക്ക് വിധേയമാക്കും. മ്യൂട്ടന്റ് വൈറസുകളുടെ വ്യാപനശേഷിയും രോഗതീവ്രതയും വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ, വിദഗ്ധ സമിതിയുടെ ശുപാർശയെ അടിസ്ഥാനമാക്കി പുതിയ മ്യൂട്ടന്റ് വൈറസ് ബാധിച്ച പ്രദേശങ്ങളിൽ പ്രതിരോധ തന്ത്രങ്ങൾ ആവിഷ്കരിക്കുകയും അണുബാധ പടരാനുള്ള സാധ്യത കുറയ്ക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുകയും ചെയ്യും. കുട്ടികൾക്കിടയിലെ കോവിഡ് വ്യാപനത്തോതിൽ എന്തെങ്കിലും വർദ്ധനവ് ഉണ്ടോയെന്ന് അറിയാൻ പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തും. അതോടൊപ്പം മുതിർന്നവരിൽ കോവിഡ് കേസുകൾ പെട്ടെന്ന് വർദ്ധിക്കുന്നത് നിരീക്ഷിക്കാൻ നിലവിലെ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (ഡി) | കോവിഡ് വാക്സിനുകൾ നൽകുവാൻ പാടില്ലാത്ത വിഭാഗക്കാർ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (ഡി) | ഗർഭിണികൾ, 18 വയസ്സിന് താഴെ ഉള്ളവർ, കോവിഡ് വാക്സിൻ അല്ലെങ്കിൽ വാക്സിനോടോ |

| | | | |
|---|---|---|---|
| | | | അതിലെ ചേരുവകളോടോ അലർജിയുള്ളവർ എന്നിവർക്ക് വാക്സിൻ നൽകാറില്ല. |
| (ഇ) | സമയബന്ധിതമായി കുട്ടികൾക്ക് അടക്കം വാക്സിൻ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) | കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്ത് വാക്സിനേഷൻ നടത്തി വരുന്നത്. കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം 18 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സംസ്ഥാനത്ത് നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ